എ.വൈ.ആർ

ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായ പ്രകൃതി മതത്തിൽനിന്ന് ബഹുദൈവ വിശ്വാസത്തിലധിഷ്ഠിതമായ വിഗ്രഹാരാധനയിലേക്ക് വ്യതിചലിക്കുന്ന സമൂഹങ്ങളെ ബാധിക്കുന്ന ബഹുവിധമായ ജീർണതകളിൽപെട്ടതാണ് വംശീയതയും ജാതീയ ഉഛനീചത്വവും. പ്രബലന്മാർ ദുർബലരെ അടിച്ചമർത്തി അടിമകളാക്കി ചൂഷണം ചെയ്യുക. അങ്ങനെ ശക്തന്മാർ കൂടുതൽ ശക്തരാകുന്നു. ദുർബലർ കൂടുതൽ ദുർബലരായിക്കൊണ്ടിരിക്കും.



﴿قَالُوا أَنُؤْمِنُ لَكَ وَاتَّبَعَكَ الْأَرْذَلُونَ ﴿١١١﴾

111. അന്നാട്ടിലെ വരേണ്യവർഗം ചോദിച്ചു: ഞങ്ങൾ നിന്നിൽ വിശ്വസിക്കുകയോ, ഈ അധമ ജനം നിന്നെ പിന്തുടർന്നിരിക്കെ?

**111**

قَالُوا = അവർ പറഞ്ഞു (അന്നാട്ടിലെ വരേണ്യവർഗം ചോദിച്ചു)

أَنُؤْمِنُ لَكَ = ഞങ്ങൾ നിന്നിൽ വിശ്വസിക്കുകയോ

وَاتَّبَعَكَ الْأَرْذَلُونَ = ഈ അധമജനം നിന്നെ പിന്തുടർന്നിരിക്കെ

നൂഹിന്റെ (അ) വാദം ഖണ്ഡിക്കാൻ പര്യാപ്തമായ ന്യായങ്ങളൊന്നും ജനനേതാക്കളുടെ പക്കലുണ്ടായിരുന്നില്ല. നൂറ്റാണ്ടുകളായി നടത്തിവരുന്ന ഈ പ്രബോധനം കൊണ്ട് അദ്ദേഹം ഒന്നും നേടിയിട്ടില്ല. ആരിൽനിന്നും ഒന്നും ആവശ്യപ്പെട്ടിട്ടുമില്ല. അദ്ദേഹത്തിന്റെ ജീവിതം സംശുദ്ധമാണ്. അദ്ദേഹം പറയുന്നത് കള്ളമാണെന്നോ അബദ്ധമാണെന്നോ സ്ഥാപിക്കാൻ പറ്റിയ ഒരു തെളിവുമില്ല. ഈ സന്ദർഭത്തിൽ ഏതായാലും പ്രവാചകനെ വിശ്വസിക്കുകയോ അദ്ദേഹത്തിന്റെ ഉപദേശങ്ങൾ കൈക്കൊള്ളുകയോ ചെയ്തുകൂടാ എന്ന പ്രതിജ്ഞയെടുത്ത ധിക്കാരികൾ ഉന്നയിക്കാറുള്ള വാദം നൂഹ് ജനതയിലെ അഹങ്കാരികളായ പ്രമാണിമാരും ഉന്നയിച്ചു; ഹും, ഞങ്ങൾ നിന്നെ വിശ്വസിക്കാനോ, ഈ അധമജനം നിന്നെ പിന്തുടർന്നിരിക്കെ? തോട്ടിവേല പോലുള്ള വളരെ തരംതാണതായി ഗണിക്കപ്പെടുന്ന തൊഴിലുകളിലേർപ്പെടുന്ന, സമൂഹത്തിൽ യാതൊരു പരിഗണനയും ലഭിക്കാത്ത അധഃസ്ഥിതരും അവശരുമാണ് أَرْذَلُونَ. അധമാവസ്ഥക്ക് رذالة എന്നു പറയും. ഹീനനും പാർശ്വവത്കൃതനും مرذول ആണ്.

ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായ പ്രകൃതി മതത്തിൽനിന്ന് ബഹുദൈവ വിശ്വാസത്തിലധിഷ്ഠിതമായ വിഗ്രഹാരാധനയിലേക്ക് വ്യതിചലിക്കുന്ന സമൂഹങ്ങളെ ബാധിക്കുന്ന ബഹുവിധമായ ജീർണതകളിൽപെട്ടതാണ് വംശീയതയും ജാതീയ ഉഛനീചത്വവും. പ്രബലന്മാർ ദുർബലരെ അടിച്ചമർത്തി അടിമകളാക്കി ചൂഷണം ചെയ്യുക. അങ്ങനെ ശക്തന്മാർ കൂടുതൽ ശക്തരാകുന്നു. ദുർബലർ കൂടുതൽ ദുർബലരായിക്കൊണ്ടിരിക്കും. അക്രമപരമായ ഈ ചൂഷണ വ്യവസ്ഥിതി അഭംഗുരം നിലനിർത്താൻ വരേണ്യവർഗം കൃത്രിമ സിദ്ധാന്തങ്ങളും നിയമങ്ങളും ആവിഷ്കരിച്ച് അതിന് മതധർമത്തിന്റെയും ആത്മീയതയുടെയും പരിവേഷം നൽകുന്നു. താണ ജാതികൾ താണ ജാതികളായത് ദൈവം അവരെ അങ്ങനെ സൃഷ്ടിച്ചതുകൊണ്ടാണ്. അല്ലെങ്കിൽ അവരുടെ മുജ്ജന്മ പാപങ്ങളുടെ ഫലമായിട്ടാണ്. ജന്മനാ ലഭിക്കുന്ന ജാതി മാറാനോ വേണ്ടെന്നുവെക്കാനോ കഴിയില്ല. ഓരോ ജാതിക്കും ദൈവം ഓരോ തൊഴിൽ വിധിച്ചിരിക്കുന്നു. ആ തൊഴിൽ -ഉയർന്നതായാലും താഴ്ന്നതായാലും ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും- ചെയ്ത് കാലയാപനം ചെയ്യുകയാണ് ഓരോ ജാതിയുടെയും ധർമം. ജാതിധർമത്തിന്റെ ലംഘനം മതവിരുദ്ധവും ദൈവധിക്കാരവുമാകുന്നു. ഇന്ത്യയിലെ ജാതിവ്യവസ്ഥയനുസരിച്ച് അധമ ജാതികൾ ഉന്നത ജാതിക്കാരെ തൊടാൻ പാടില്ല, ഒരേ പന്തിയിൽ ഇരിക്കാൻ പാടില്ല, ഒരേ കിണറ്റിൽനിന്ന് വെള്ളമെടുക്കാൻ പാടില്ല,

ഒരേ ആരാധനാലയത്തിൽ ആരാധിക്കാൻ പാടില്ല. ദുർബല വിഭാഗങ്ങളെ എന്നെന്നും അവശരും അടിമകളുമാക്കി നിലനിർത്താൻ ഇങ്ങനെ ഒട്ടേറെ നിർദയ നിരോധങ്ങളുണ്ട്. ഇത്രത്തോളം നിഷ്ഠുരമായിരുന്നില്ലെങ്കിലും ഇതിന്റെ ആദിരൂപം നൂഹ് ജനതയിലും നിലനിന്നിരുന്നു. അവരിലെ വരേണ്യവർഗം ദുർബല വിഭാഗങ്ങളെ തങ്ങളേക്കാൾ തരംതാണവരായി കരുതി. തങ്ങൾക്കുള്ള മാനവും മഹത്വവും അവർക്കില്ല. അവരുടെ ആചാര വിശ്വാസങ്ങളും സംസ്കാരവും തൊഴിലുമെല്ലാം നികൃഷ്ടമാണ്. അധമ ജനത്തിന്റെ സഭയിൽ പങ്കെടുക്കുന്നതും സ്വന്തം സഭയിൽ അവരെ പങ്കെടുപ്പിക്കുന്നതും അപമാനകരമാണ്. അവർ ചെയ്യുന്നതും പറയുന്നതുമെല്ലാം അവരാണ് ചെയ്യുകയും പറയുകയും ചെയ്യുന്നത് എന്നതുകൊണ്ടുതന്നെ ഞങ്ങൾ സ്വീകരിച്ചുകൂടാ. നിന്നെയും നിന്റെ ആദർശത്തെയും ഞങ്ങൾ പരിഗണിക്കണമെങ്കിൽ ആദ്യം ഈ താണ ജാതികളെയെല്ലാം നിന്റെയടുക്കൽനിന്ന് ആട്ടിപ്പായിക്കുക. എന്നിട്ടാവാം നമ്മുടെ ആദർശ ചർച്ച. നൂഹ് ജനതയിലെ വരേണ്യ വർഗത്തിന്റെ ഈ മനോഭാവമാണ് പ്രകൃതവചനത്തിലൂടെ പ്രകടിപ്പിക്കപ്പെടുന്നത്. ■

---

قَالَ وَمَا عِلْمِي بِمَا كَانُوا يَعْمَلُونَ ﴿١١٢﴾

112. നൂഹ് പറഞ്ഞു: അവർ ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലെന്തെന്ന് എനിക്കറിയില്ല.

إِنْ حِسَابُهُمْ إِلَّا عَلَىٰ رَبِّي ۖ لَوْ تَشْعُرُونَ ﴿١١٣﴾

113. അവരെ വിചാരണ ചെയ്യുക എന്റെ നാഥന്റെ മാത്രം അധികാരമാകുന്നു, നിങ്ങൾ ബോധവാന്മാരാകുന്നുവെങ്കിൽ മനസ്സിലാക്കിക്കൊള്ളുക.

وَمَا أَنَا بِطَارِدِ الْمُؤْمِنِينَ ﴿١١٤﴾

114. സത്യവിശ്വാസികളെ ഞാനൊരിക്കലും ആട്ടിയകറ്റാൻ പോകുന്നില്ല.

إِنْ أَنَا إِلَّا نَذِيرٌ مُبِينٌ ﴿١١٥﴾

115. എല്ലാവർക്കുമുള്ള മുന്നറിയിപ്പുകാരൻ തന്നെയാകുന്നു ഞാൻ.

**112–115**

قَالَ = അദ്ദേഹം (നൂഹ്) പറഞ്ഞു

وَمَا عِلْمِي = എന്റെ അറിവ് അല്ല (എനിക്കറിയില്ല)

بِمَا كَانُوا يَعْمَلُونَ = എന്തെന്ന് അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് (അവർ ചെയ്തുകൊണ്ടിരുന്ന തൊഴിൽ)

إِنْ حِسَابُهُمْ = അവരുടെ (അവരെ) വിചാരണ (ചെയ്യുക) അല്ല

إِلَّا عَلَىٰ رَبِّي = എന്റെ നാഥന്റെ മേൽ അല്ലാതെ (നാഥന്റെ മാത്രം അധികാരമാകുന്നു)

لَوْ تَشْعُرُونَ = നിങ്ങൾ ബോധവാന്മാരാകുന്നുവെങ്കിൽ (മനസ്സിലാക്കിക്കൊള്ളുക)

وَمَا أَنَا بِطَارِدِ الْمُؤْمِنِينَ = ഞാൻ സത്യവിശ്വാസികളെ ആട്ടിയോടിക്കുന്നവനല്ല (ഒരിക്കലും ആട്ടിയകറ്റാൻ പോകുന്നില്ല)

إِنْ أَنَا إِلَّا نَذِيرٌ مُبِينٌ = ഞാൻ (എല്ലാവർക്കുമുള്ള) തെളിഞ്ഞ മുന്നറിയിപ്പുകാരൻ (മാത്രമാകുന്നു)അല്ലാതെ അല്ല

പ്രവാചകന്മാർ ദൈവിക സന്ദേശവുമായി ആദ്യം സമീപിക്കാറുള്ളത് അധികാരി വർഗത്തെയും സമൂഹത്തിലെ നേതാക്കളെയും പ്രമാണിമാരെയുമാണ്. അവരിൽ മനഃപരിവർത്തനമുണ്ടായാൽ പിന്നെ സാമാന്യ ജനങ്ങളുടെ പരിവർത്തനം എളുപ്പമാകുമല്ലോ; മിക്കപ്പോഴും ഈ പ്രതീക്ഷ സഫലമാകാറില്ലെങ്കിലും. എന്നാൽ പ്രവാചകന്മാരിൽ ആദ്യം വിശ്വസിക്കാറുള്ളത് അധഃസ്ഥിത ദുർബല വിഭാഗത്തിൽ പെട്ടവരാണ്. സത്യം സ്വീകരിക്കുകയും പിന്തുടരുകയും ചെയ്യുന്നതുകൊണ്ട് സമ്പത്തിനോ സ്ഥാനമാനങ്ങൾക്കോ അധികാരത്തിനോ കോട്ടം തട്ടുമോ എന്ന് പേടിക്കാനില്ലാത്തവർ. വരേണ്യവർഗം പുഛിച്ചുതള്ളിയപ്പോൾ നൂഹ് നബിയിൽ വിശ്വസിക്കാൻ മുന്നോട്ടുവന്നത് സമൂഹത്തിന്റെ അടിത്തട്ടിൽനിന്നുള്ളവരാണ്. അവർ വിശ്വസിച്ചുവെന്നതും നൂഹ്(അ) അവരെ ശിഷ്ടന്മാരായി അംഗീകരിച്ചുവെന്നതും തന്നെ തങ്ങൾ ഈ പ്രവാചകനെ തള്ളിപ്പറയാൻ മതിയായ കാരണമായി ഉന്നയിക്കുകയായിരുന്നു വരേണ്യവർഗം.

അവരുടെ മനോഗതം നന്നായി മനസ്സിലാക്കിക്കൊണ്ട് നൂഹ് (അ) അതിന് മറുപടി പറഞ്ഞു: സത്യവിശ്വാസം കൈക്കൊണ്ടവരുടെ തൊഴിലെന്താണ്, ഉപജീവനം എങ്ങനെയാണ്, സാമൂഹിക നിലവാരം എന്താണ് എന്നൊന്നും ഞാൻ അറിയുന്നില്ല. അറിയേണ്ട കാര്യവുമില്ല. അവരെ വിചാരണ ചെയ്യാനും രക്ഷാശിക്ഷകൾ വിധിക്കാനും ഞാനാളല്ല. അതെല്ലാം എന്റെ വിധാതാവിന്റെ മാത്രം അധികാരത്തിൽപെട്ടതാണ്. അവർ സത്യവിശ്വാസം കൈക്കൊള്ളുന്നുവോ, അതിന്റെ താൽപര്യമായി ഞാൻ നൽകുന്ന ധർമശാസനകൾ അനുസരിക്കുന്നുവോ എന്നതു മാത്രമാണ് എന്റെ പരിഗണനാ വിഷയം. സത്യവിശ്വാസികളായി ദൈവശാസനകളനുസരിക്കുന്നവരെ- അവർ ആരായിരുന്നാലും- അടുപ്പിക്കുകയും ആദരിക്കുകയുമാണ് എന്റെ കടമ. ഞാനൊരിക്കലും അവരെ എന്നിൽനിന്ന്

ആട്ടിയകറ്റുകയില്ല. അധികാരികളിലോ അടിമകളിലോ ഉന്നതരിലോ അധഃസ്ഥിതരിലോ ധനികരിലോ ദരിദ്രരിലോ മാത്രമായി പ്രബോധനം ചെയ്യാനല്ല ഞാൻ നിയുക്തനായിരിക്കുന്നത്. മനുഷ്യരായ എല്ലാവരും എന്റെ പ്രബോധിതരാണ്. ആരെങ്കിലും എന്റെ സന്ദേശം തള്ളിക്കളയുന്നുവെങ്കിൽ അതിന്റെ ഉത്തരവാദിത്തം തള്ളിക്കളയുന്നവർക്കു തന്നെയാണ്. അതിന്റെ പേരിൽ ഞാൻ ചോദ്യം ചെയ്യപ്പെടുകയില്ല. ഉയർന്നവർക്കും താഴ്ന്നവർക്കും ദരിദ്രർക്കും ധനികർക്കും എല്ലാം ഉള്ള മുന്നറിയിപ്പുകാരനാകുന്നു ഞാൻ. ■

---

قَالُوا لَئِنْ لَمْ تَنْتَهِ يَا نُوحُ لَتَكُونَنَّ مِنَ الْمَرْجُومِينَ ﴿١١٦﴾

116. ആ പ്രമാണിമാർ പ്രഖ്യാപിച്ചു: ഹേ നൂഹേ, ഈ പ്രബോധനത്തിൽനിന്ന് വിരമിച്ചില്ലെങ്കിൽ തീർച്ചയായും നിന്നെ കല്ലെറിഞ്ഞുകൊന്നുകളയും.

**116**

قَالُوا = അവർ പറഞ്ഞു (ജനപ്രമാണിമാർ പ്രഖ്യാപിച്ചു)

لَئِنْ لَمْ تَنْتَهِ = നീ (ഈ പ്രബോധനത്തിൽനിന്ന്) വിരമിക്കുന്നില്ലെങ്കിൽ

يَا نُوحُ = ഹേ നൂഹേ

لَتَكُونَنَّ مِنَ الْمَرْجُومِينَ = തീർച്ചയായും നീ കല്ലെറിയപ്പെട്ടവരിൽപെട്ടവൻ ആകും (നിന്നെ കല്ലെറിഞ്ഞുകൊന്നുകളയും)

തങ്ങളുടെ വരേണ്യവാദവും നൂഹിന്റെ മുന്നിൽ വിലപ്പോകുന്നില്ലെന്നു കണ്ടപ്പോൾ പ്രമാണിമാർ അവസാനത്തെ ഭീഷണി മുഴക്കുകയായി. ഹേ നൂഹ്, ഈ പ്രസ്ഥാനത്തിൽനിന്ന് വിരമിക്കുന്നില്ലെങ്കിൽ ഞങ്ങൾ നിന്നെ കല്ലെറിഞ്ഞു കൊന്നുകളയും. കല്ലെറിഞ്ഞോടിക്കുന്നതിനും കല്ലെറിഞ്ഞു കൊല്ലുന്നതിനും ഉപയോഗിക്കന്ന ر ج م -ൽനിന്നുള്ള കർമപദമാണ് مَرْجُوم. കല്ലെറിഞ്ഞു കൊന്നുകളയും എന്നാണ് ഇവിടെ ഉദ്ദേശ്യം. സുമാലിയ്യ് എന്ന പണ്ഡിതൻ പറയുന്നു: ഖുർആനിൽ مرجومين എന്നു വന്നിട്ടുള്ള എല്ലായിടത്തും ഉദ്ദേശ്യം വധമാണ്; സൂറഃ *മർയം* 46-ാം സൂക്തത്തിലെ لَئِنْ لَمْ تَنْتَهِ لَأَرْجُمَنَّكَ എന്നിടത്തൊഴിച്ച്. ■